മത്സ്യവ്യവസായ വികസനം.

* 437. [7] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയിൽ തിരുവിതാംകൂർ–കൊച്ചിയിലെ വ്യാവസായിക വികസനത്തിനുവേണ്ടി എന്തു തുക കൊള്ളിച്ചുവന്നു;

(ബി) ഇതിനകം അതിലെത്ര രൂപ ചെലവായി ;

(സി) ഏതെല്ലാം ഇനങ്ങൾക്കായിട്ടാണ് ഈ തുക ചെലവായിട്ടുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 11.11 ലക്ഷം രൂപ.

(ബി) 73,427 രൂ. 12 ണ. 7 സ.

(സി) പുതുതായി മൽസ്യചാപ്പകൾ ഉണ്ടാക്കുന്നതിനു് വിഴിഞ്ഞത്തു്, 25,359 രൂപ 11 അണയും, കൂളച്ചൽ 27,308 രൂപ 3 അണ 7 പൈസയും, മത്സ്യം വളർത്തുന്നതിനു് 6,171 രൂപ 7 അണയും, മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനു് ഒരു വാൻ വാങ്ങിയതിലേക്കു് 14,588 രൂപ 7 അണയും ചെലവായി.

വയലാർ പുന്നപ്ര പ്രതികളുടെ വാറണ്ടുകൾ.

* 438. [9] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വയലാർ–പുന്നപ്രകേസിലെ പ്രതികളുടെമേൽ ഇനി എത്ര വാറണ്ടുകൾ ഉണ്ടു് ;

(ബി) ഇനിയുള്ള പിടികിട്ടാത്ത പ്രതികളുടെ മേൽ പുറപ്പെടുവിച്ചിട്ടുള്ള വാറണ്ടുകൾ പിൻവലിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) പുന്നപ്ര കേസിലെ ഒളിവിലിരിക്കുന്ന ഏഴു പ്രതികളുടെ മേലുള്ള വാറണ്ടുകൾ നിലവിലുണ്ടു്.

വയലാർ കേസുസംബന്ധിച്ചു് മൂന്നു പ്രതികൾ ഒളിവിലാണു്. അവക്കെതിരായി വാറണ്ടുകളൊന്നും നിലവിലില്ല.

(ബി) ഇല്ല.

കൂട്ടിവനങ്ങൾ കൃഷിക്കു് നൽകൽ.

* 439. [10] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിൽ ചുറ്റപ്പെട്ട റിസർവ്വു് വനത്തിൻറെ ഭാഗങ്ങൾ കൃഷിക്കാർക്കു് കുത്തകപ്പാട്ടമായോ പതിച്ചോ നൽകണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; അതു സംബന്ധിച്ചു് എന്തു ചെയ്യാനാണു് ഉദ്ദേശിക്കുന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly